**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4458** **06-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ക്ക് ലഭിക്കാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൻ തുക കുടിശികയുള്ളവരിൽ നിന്നും പ്രസ്തുത തുക പിരിച്ചെടുക്കാതെ ചെറുകിട ഗാർഹിക ഉപഭോക്താക്കൾ വൈദ്യുതിയുടെ ബില്ലടക്കുവാൻ താമസിച്ചാൽ ഉടൻ തന്നെ വൈദ്യുതി വിച്ഛേദിക്കുന്ന കെ.എസ്.ഇ.ബി. യുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൻ തുക കുടിശിക ഉള്ളവരുടെ വൈദ്യുതിബന്ധം വിച്ഛേദിച്ചുകൊണ്ട് കുടിശിക തുക പിരിച്ചെടുക്കാൻ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റെഗുലേഷൻ 138 (a) അനുസരിച്ച് വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തുന്ന വൻകിട ഉപഭോക്താക്കളുടേത് ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നുണ്ട്. തുടർന്നും കുടിശ്ശിക അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷനുകൾ സ്ഥായിയായി വിച്ഛേദിക്കുകയും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി ശ്രമിക്കുകയും ചെയ്തു വരുന്നു.<br><br>എന്നാൽ ചെറുകിട/വൻകിട ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു: കോടതികൾ, മറ്റ് ലീഗൽ ഫോറങ്ങൾ എന്നിവയിൽ നിൽക്കുന്ന കുടിശ്ശിക സംബന്ധിച്ച തർക്കങ്ങളിൽ പ്രസ്തുത ലീഗൽ ഫോറങ്ങൾ, കോടതികൾ എന്നിവയുടെ തീർപ്പനുസരിച്ച് മാത്രമെ കെ.എസ്.ഇ.ബി ലിമിറ്റഡിന് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.<br><br>വൻതുക കുടിശ്ശിക വരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റി പോലുള്ള പൊതുമേഖല/സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡും, സർക്കാരും ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ